# <u>ഏലൂർ നഗരസഭ</u>
# <u>കൗൺസിൽ യോഗ നോട്ടീസ്</u>

**G2-347/11**

മാന്യ മിത്രമെ,

ഏലൂർ നഗരസഭാകൗൺസിലിന്റെ ഒരു കൗൺസിൽ യോഗം **08.02.2018 വ്യാഴാഴ്ച രാവിലെ 11.00-ന്** താഴെ പറയുന്ന അജണ്ടകൾ പരിഗണിക്കുന്നതിനായി കൗൺസിൽ ഹാളിൽ വച്ച് ചേരുന്നതിന് നിശ്ചയിച്ചിട്ടുണ്ട്. താങ്കൾ കൃത്യ സമയത്ത് പങ്കെടുക്കുവാൻ താല്പര്യപ്പെടുന്നു.

**മുനിസിപ്പൽ ചെയർപേഴ്സൺ**

**<u>എല്ലാ കൗൺസിൽ അംഗങ്ങൾക്കും</u>**
**<u>പകർപ്പ് : നോട്ടീസ് ബോർഡ്, എല്ലാ വകുപ്പു തലവന്മാർക്കും.</u>**

**<u>അജണ്ട: 1</u>**

PH1-81961/17

വിഷയം : ഏലൂർ നഗരസഭ – പകൽ വീട് കെയർടേക്കർക്ക് ഹോണറേറിയം നിശ്ചയിക്കുന്നതിനും, പുതിയ കെയർ ടേക്കറെ നിയമിക്കുന്നത വിഷയം ബഹു. കൗൺസിൽ പരിഗണനയ്ക്കായി.

കുറിപ്പ് :

1. പദ്ധതി മാർഗ്ഗ നിർദ്ദേശപ്രകാരം ഹോണറേറിയം 7,000/- രൂപ വരെ നൽകാവുന്നതാണ്.
2. പകൽ വീട് കെയർ ടേക്കർ ശ്രീമതി സുനശ റിഞ്ചു 24.01.2018 തീയതി രാജിവച്ചിട്ടുള്ളതാണ്.
3. നിലവിലുള്ള ഒഴിവിലേയ്ക്ക് അപേക്ഷ ക്ഷണിക്കാവുന്നതാണ്.

**<u>അജണ്ട: 2.</u>**

G2-11414/16

ഏലൂർ നഗരസഭയിൽ നിന്നും GCDA–യ്ക്ക് നൽകുവാനുള്ള 2016-17 വർഷത്തെ അംശാദായവും, കൂടാതെ നഗരസഭയുടെ വാർഷിക ബജറ്റിന്റെ/ധനകാര്യപത്രികയുടെ പകർപ്പ് കൂടി നൽകണമെന്നാവശ്യപ്പെട്ട് GCDA സെക്രട്ടറിയുടെ കത്ത് ബഹു. കൗൺസിൽ പരിഗണനയ്ക്കായി.

കുറിപ്പ് : LSGD-യുടെ തീയതിയിലെ GO(Rt)No.167/18 നമ്പർ ഉത്തരവ് പ്രകാരം തുക നൽകേണ്ടതാണ്.

**അജണ്ട: 3.**

PW2-941/18

ഏലൂർ നഗരസഭയിലെ 9 വാർഡുകളിൽ നടപ്പിലാക്കിവരുന്ന സൗജന്യ കുടിവെള്ള പദ്ധതിയിൽ കൂടുതൽ കുടുംബങ്ങളെ ഉൾപ്പെടുത്താവുന്നതാണ് എന്ന് ബന്ധപ്പെട്ട ഏജൻസികൾ അറിയിച്ചിട്ടുള്ളതാണെന്നും, ആയതിനാൽ കൂടുതൽ കുടുംബങ്ങളെ ഉൾപ്പെടുത്തുന്നതിനും KWA-യിൽ നിന്നും വന്നുകൊണ്ടിരിക്കുന്ന ബില്ലുകളിൽ അദാലത്ത് സംഘടിപ്പിച്ചുകൊണ്ട് പരിഹാരം കാണുന്നതിനും വേണ്ട നടപടികൾ നഗരസഭ വൈസ് ചെയർമാൻ ശ്രീ. എം. എ. ജെയിംസ് നൽകിയിരിക്കുന്ന കത്ത് ബഹു. കൗൺസിൽ മുമ്പാകെ.

**അജണ്ട: 4.**

PW2-1061/18

ഏലൂർ നഗരസഭയിലെ പാതാളം ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന കാത്തലിക് സിറിയൻ ബാങ്ക് ATM–ന്റെ നെറ്റ് വർക്ക് കണക്ടിവിറ്റി സുഗമമാക്കുന്നതിനായി കെട്ടിടത്തിന് മുകളിലായി VSAT-dish സ്ഥാപിയ്ക്കുന്നതിന് അനുമതി നൽകണമെന്ന കാണിച്ച് കാത്തലിക് സിറിയൻ ബാങ്കിൽ നിന്നും ലഭിച്ചിരിക്കുന്ന അപേക്ഷ ബഹു. ബഹു. കൗൺസിൽ പരിഗണനയ്ക്ക്.

**അജണ്ട: 5**

H1-891/18

ഏലൂർ നഗരസഭ – സാങ്കേതിക കാരണങ്ങളാൽ "എസ്.സി. വീട് വാസയോഗ്യമാക്കൽ" എന്ന 2017-18 വർഷത്തെ പദ്ധതിയിൽ ഗുണഭോക്തൃ വിഹിതം നൽകുവാൻ കഴിയാതിരുന്ന 3 ഭവനങ്ങളുടെ പേരുകൂടി ഉൾപ്പെടുത്തി ടി. വിഹിതം നൽകി നടപടിയുണ്ടാകണമെന്ന് കാണിച്ച് പൊതുമരാമത്ത് കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ നൽകിയ കത്തും, പ്രസ്തുത വീറ്റുകളിലെ നിലവിലെ താമസക്കാരുടെ അപേക്ഷയും ബഹു. കൗൺസിലിന്റെ പരിഗണനയ്ക്കായി.

കുറിപ്പ് :

1. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 27.01.2018 തീയതിയിലെ 4–ാം നമ്പർ പ്രകാരം ടി. വിഷയം ബഹു. കൗൺസിലിലേയ്ക്ക് ശുപാർശചെയ്തിട്ടുള്ളതാണ്.
2. നഗരസഭയിൽ നിന്നും വീടുകൾ അനുവദിച്ചവരല്ല അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. Ownership ഉള്ള beneficiary–യുടെ പേർക്ക് മാത്രമേ ഗുണഭോക്തൃ വിഹിതം അനുവദിക്കാൻ സാധിക്കുകയുള്ളു.

**അജണ്ട: 6.**

PW2-942/18

ഏലൂർ നഗരസഭയിലെ 6–ാം വർഡിൽ സ്ഥിതിചെയ്യുന്ന മെർക്കം കമ്പനിയുടെ ലിക്ക്യുഡേഷൻ നടപടികൾ ആരംഭിച്ചിക്കുന്നുവെന്നും, ആയതിനാൽ ടി. കമ്പനിയ്ക്ക് നഗരസഭയുമായോ, മറ്റ് ഏജൻസികളുമായോ, ഏതെങ്കിലും ബാധ്യത ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്നും കൂടാതെ, കമ്പനിയ്ക്ക് സർക്കാർ നൽകിയിരുന്ന ലീസ് ഭൂമിയുള്ള

വിവരം കൗൺസിൽ ബഹു. സർക്കാരിനെ അറിയിക്കണമെന്നും കാണിച്ച് പൊതുമരാമത്ത് കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. എ.ഡി. സുജിൽ നൽകിയിരിക്കുന്ന കത്ത് ബഹു. കൗൺസിൽ മുമ്പാകെ.

<u>**അജണ്ട:** 7</u>

PW2-7231/17

വിഷയം : ഏലൂർ നഗരസഭ – 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന (SO123/18) "സെന്റ് തോമസ് ബൈലൈൻ റോഡിലും ജനാർദ്ദന പണിക്കർ റോഡിലും വെള്ളക്കെട്ടിന് പരിഹാരമായി ടൈലിംഗ്, കവർസ്ലാബ് നിർമ്മാണം എന്ന വർക്കിന്റെ ഭാഗമായി റോഡിലെ വെള്ളം കാനയിലേയ്ക്ക് ഒഴുക്കികളയുന്നതിന് കാനയ്ക്ക് മുകളിൽ ഗ്രിൽ സ്ഥാപിയ്ക്കുന്നതിന് ടി. വർക്കിന്റെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തുകയിൽ അധികരിക്കാത്ത വിധത്തിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്ന വിഷയം ബഹു. കൗൺസിൽ പരിഗണനയ്ക്ക്.

കുറിപ്പ് :
1. ടി. പ്രവൃത്തിയ്ക്കായി CFC വിഹിതം 4,27,000/- രൂപയും തനത് ഫണ്ടിൽ നിന്ന് 70,000/- രൂപയും ഉൾപ്പെടെ ആകെ 4,97,000/- രൂപ വകയിരുത്തിയിട്ടുണ്ട്.
2. 30.01.2018 തീയതിയിലെ പൊതുമരാമത്ത്കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 4–ാം നമ്പർ പ്രകാരം ടി. വിഷയം ബഹു. കൗൺസിലിൽ ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്.

<u>**അജണ്ട:** 8.</u>

PW2-7252/17

ഏലൂർ നഗരസഭയിലെ – 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന (SO114/18) ഡിപ്പോ കോൺവെന്റ് സബ്ബ് റോഡിൽ നിലവിലുള്ള കാന വീതികൂട്ടി കവർസ്ലാബ് ഇടൽ എന്ന പ്രവൃത്തിയുടെ സുഗമമായ പൂർത്തീകരണത്തിനായി റോഡ് സൈഡ് കോൺക്രീറ്റ് ചെയ്തിട്ടുള്ളതാണെന്നും ആയതിനാൽ ടി. വർക്കിന്റെ എസ്റ്റിമേറ്റ് തുകയിൽ അധികരിക്കാത്ത വിധത്തിൽ അധികമായി ചെയ്ത വർക്ക് കൂടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി എസ്റ്റിറ്റ്മേറ്റ് റിവൈസ് ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിയ്ക്കണമെന്ന് കാണിച്ച് വാർഡ് കൗൺസിലർ ശ്രീ. റ്റി. കെ. സതീഷ് നൽകിയിരിക്കുന്ന കത്ത് ബഹു. കൗൺസിൽ മുമ്പാകെ.

കുറിപ്പ് :
1. ടി. പ്രവൃത്തിയ്ക്കായി CFC വിഹിതം 3,85,000/- രൂപയും തനത് ഫണ്ടിൽ നിന്ന് 70,000/- രൂപയും ഉൾപ്പെടെ ആകെ 4,55,000/- രൂപ വകയിരുത്തിയിട്ടുണ്ട്.
2. 30.01.2018 തീയതിയിലെ പൊതുമരാമത്ത്കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 5–ാം നമ്പർ പ്രകാരം ടി. വിഷയം ബഹു. കൗൺസിലിൽ ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്.

**അജണ്ട: 9.**

PW2-8189/17

ഏലൂർ നഗരസഭയിലെ – 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിവിധ പൊതുമരാമത്ത് പ്രവൃത്തികൾക്കായി ടെണ്ടർ ക്ഷണിച്ചതിൽ നിന്നും ലഭിച്ചിരിക്കുന്ന ടെണ്ടറുകൾ അംഗീകരിക്കുന്ന വിഷയം ബഹു. കൗൺസിൽ മുമ്പാകെ.

കുറിപ്പ് :

1. 30.01.2018 തീയതിയിലെ പൊതുമരാമത്ത്കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 6–ാം നമ്പർ പ്രകാരം റീ–ടെണ്ടറുകളും, റീ–ഇ–ടെണ്ടറുകളും അംഗീകരിച്ചു. ടെണ്ടർ ഒന്നും ലഭിയ്ക്കാതിരുന്ന പാതാളം ഹൈസ്കൂളിൽ കബഡി മാറ്റ് സ്ഥാപിയ്ക്കൽ എന്ന പ്രവൃത്തിയ്ക്ക് റീ–ടെണ്ടർ ക്ഷണിക്കുന്നതിനും തീരുമാനിച്ചു. പരപ്പത്ത് ലിങ്ക് റോഡ് കാന നിർമ്മാണം, റീ–ടാറിംഗ്. അംബേദ്കർ റോഡ് റീ–ടാറിംഗ് എന്നീ വർക്കുകൾക്ക് എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കൂടുതൽ രേഖപ്പെടുത്തിയിട്ടുള്ളതിനാൽ ടി. വർക്ക് ടെണ്ടർ ചെയ്ത കരാറുകാരനുമായി നെഗോഷ്യേറ്റ് ചെയ്ത് തുടർ നടപടികൾ സ്വീകരിക്കുന്നതിന് നഗരസഭാ എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. റീ–ടെണ്ടർ/റീ–ഇ–ടെണ്ടറുകൾ ബഹു. കൗൺസിൽ അംഗീകാരത്തിന് ശുപാർശ ചെയ്യുന്നതിനും തീരുമാനിച്ചിട്ടുള്ളതാണ്.

2. പരപ്പത്ത് ലിങ്ക് റോഡ് കാന നിർമ്മാണം, റീ–ടാറിംഗ്. അംബേദ്കർ റോഡ് റീ–ടാറിംഗ് എന്നീ വർക്കുകൾ ടെണ്ടർ ചെയ്ത കരാറുകാരനായ ശ്രീ. കെ. എം. ഷാജഹാൻ ടി. വർക്കുകളുടെ യഥാർത്ഥ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 0.01% കുറഞ്ഞ നിരക്കിൽ ടി. വർക്കുകൾ ഏറ്റെടുത്ത് നടത്തിക്കൊള്ളാം എന്നറിയിച്ചുകൊണ്ട് കത്ത് നൽകിയിട്ടുണ്ട്.

**അജണ്ട: 10.**

PW2-1514/13

ഏലൂർ നഗരസഭ പരിധിയിലുള്ള കർമ്മലീത്ത ആശ്രമം, മഞ്ഞുമ്മൽ – ന്റെ ഉടമസ്ഥതയിലുള്ള Sy No.91/1–ൽ ഉൾപ്പെട്ടിരിക്കുന്ന വസ്തുവിൽ കൂടി മഞ്ഞുമ്മൽ–ഏലൂർ റോഡിൽ നിന്നും മഞ്ഞുമ്മൽ പള്ളിയിലേക്കുള്ള റോഡിന് സമാന്തരമായി പള്ളിയുടെ സ്വന്തം ഉത്തരവാദിത്വത്തിൽ 6 മീറ്റർ വീതിയിൽ റോഡ് നിർമ്മിച്ച് നഗരസഭയ്ക്ക് വിട്ടു നൽകുന്നതിന് തയ്യാറാണെന്ന് കാണിച്ച് സുപ്പീരിയർ, കർമ്മലീത്ത ആശ്രമം, മഞ്ഞുമ്മൽ നൽകിയിരിക്കുന്ന അപേക്ഷ ബഹു. കൗൺസിൽ മുമ്പാകെ.

കുറിപ്പ് :

1. നഗരസഭ ആസ്തി രജിസ്റ്റർ പ്രകാരം Sy No.91/1–ൽ ഉൾപ്പെട്ടിരിക്കുന്ന വസ്തുവിൽ കൂടി മഞ്ഞുമ്മൽ–ഏലൂർ റോഡിൽ നിന്നും മഞ്ഞുമ്മൽ പള്ളിയിലേക്കുള്ള റോഡ് നഗരസഭ ഉടമസ്ഥതയിലുള്ളതാണ്. നഗരസഭയുടെ അനുമതി ഇല്ലാതെ ടി. റോഡിൽ നിർമ്മാണ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപെട്ടപ്പോൾ ആയത് നിർത്തിവയ്ക്കുവാനും ടി. റോഡ് പൂർവ്വ സ്ഥിതിയിലാക്കുവാനും നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

2. പ്രസ്തുത റോഡ് സ്വകാര്യ റോഡാണെന്നും 2010–ലെ റീ–സർവ്വെയിലെ പിശക് മൂലമാണ് പുറമ്പോക്ക് റോഡ് എന്ന് രേഖപ്പെടുത്തയതെന്നും ആയത് തിരുത്തി സ്വകാര്യ റോഡ് എന്നാക്കി മാറ്റിക്കൊണ്ടുള്ള പറവൂർ തഹസിൽദാറുടെ 29.05.2013 -ലെ Kdis-9048/13/D2 നമ്പർ ഉത്തരവ് ഹാജരാക്കിയിട്ടുണ്ട്.

3. 06.02.2018 തീയതിയിലെ പൊതുമരാമത്ത്കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 1–ാം നമ്പർ അജണ്ടയായി ടി. വിഷയം സമർപ്പിച്ചിട്ടുള്ളതാണ്.

**അജണ്ട: 11.**

PW2-10854/17

Indian Oil-Adani Gas Pvt.Ltd എന്ന സ്ഥാപനത്തിന്റെ പ്രൊജക്ടായ City Gas Distribution എന്ന പ്രവൃത്തി ഏലൂർ നഗരസഭയിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഗ്യാസ് പ്രഷർ നിയന്ത്രിക്കുന്നതിനായുള്ള Pressure Regulating Skid സ്ഥാപിക്കുന്നതിനായി സ്ഥലം നിശ്ചയിച്ച് അനുമതി നൽകണമെന്ന കാണിച്ച് ടി സ്ഥാപനം സമർപ്പിച്ചിരിക്കുന്ന അപേക്ഷ ബഹു. കൗൺസിൽ മുമ്പാകെ.

കുറിപ്പ് :

1. സംസ്ഥാന സർക്കാരിന്റെ 12.12.2017 തീയതിയില GO(MS) No:69/2017/PWD നമ്പർ ഉത്തരവ് പ്രകാരം Pressure Regulating Skid സ്ഥാപിക്കുന്നതിനായി 10 Sq.mtr സ്ഥലം വരെ 30 വർഷം പാട്ട വ്യവസ്ഥയിൽ സമീപത്തെ സ്വകാര്യ വ്യക്തികളുടെ വസ്തുക്കളുടെ Fair Value-വിന്റെ 5% ലീസ് ഈടാക്കി അനുവദിക്കാമെന്ന് പരാമർശം ഉള്ളതാണ്.
2. 06.02.2018 തീയതിയിലെ പൊതുമരാമത്ത്കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 2–ാം നമ്പർ അജണ്ടയായി ടി. വിഷയം സമർപ്പിച്ചിട്ടുള്ളതാണ്.

**അജണ്ട: 12.**

PW2-997/18

ഏലൂർ നഗരസഭയിലെ 2017-18 സാമ്പത്തിക വർഷത്തെ പ്രൊജക്ടായ SO391/18 "ഗവ.എൽ.പി സ്കൂളിൽ സ്മാർട്ട് ക്ലാസ് റൂം" എന്ന പ്രവൃത്തി നടപ്പിലാക്കുന്നതിനായി ഗവ.അംഗീകൃത സ്ഥാപനമായ KSIE–യെ ചുമതലപ്പെടുത്തുന്ന അപേക്ഷ ബഹു. കൗൺസിൽ മുമ്പാകെ

കുറിപ്പ് :

1. ടി പ്രവൃത്തിക്കായി പ്ലാൻ ഫണ്ടിൽ നിന്നും 1,70,000/– രൂപ വകയിരുത്തിയിട്ടുണ്ട്.
2. 06.02.2018 തീയതിയിലെ പൊതുമരാമത്ത്കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 3–ാം നമ്പർ അജണ്ടയായി ടി. വിഷയം സമർപ്പിച്ചിട്ടുള്ളതാണ്.

**അജണ്ട: 13.**

PW2-8395/17

ഏലൂർ നഗരസഭയിലെ 2017-18 സാമ്പത്തിക വർഷത്തെ പ്രൊജക്ടായ SO065/18 "തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികളും പരിപാലനവും" എന്ന പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്ന കരാറുകാരനായ ശ്രീ ശിവപ്രസാദ്.ബി ഹാജരാക്കിയിരിക്കുന്ന 15.11.2017 മുതൽ 15.12.2017 വരെ കാലയളവിൽ തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾ നടത്തിയതിന്റെ വാർഡ് തിരിച്ചുള്ള ലിസ്റ്റും 5,23,470/- രൂപയുടെ ബില്ലും അംഗീകരിക്കുന്ന വിഷയം ബഹു. കൗൺസിൽ മുമ്പാകെ

കുറിപ്പ് :

1. ടി പ്രവൃത്തിക്കായി കേന്ദ്ര ധനകാര്യ കമ്മീഷൻ ഫണ്ടിൽ നിന്നും 15,00,000/– രൂപ വകയിരുത്തിയിട്ടുണ്ട്.

2. 06.02.2018 തീയതിയിലെ പൊതുമരാമത്ത്കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 6–ാം നമ്പർ അജണ്ടയായി ടി. വിഷയം സമർപ്പിച്ചിട്ടുള്ളതാണ്.

<u>**അജണ്ട:** 14.</u>

R1-5937/16

ഏലൂർ നഗരസഭയിലെ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്ന പ്രൊജക്ടിൽ ഫീൽഡ് ഡ്യൂട്ടിയിൽ സഹായിക്കുന്നതിന് തൊഴിലുറപ്പു നിരക്കിലുള്ള വേതനം നൽകി അതാതു വാർഡുകളിലെ തൊഴിലുറപ്പു പദ്ധതിയിലെ ഓരോ ജോലിക്കാരുടെ/മേറ്റുമാരുടെ സേവനം തേടുന്ന വിഷയം കൗൺസിൽ പരിഗണനയ്ക്ക്.

<u>**അജണ്ട:** 15.</u>

G1-1729/16

ഏലൂർ നഗരസഭയിലെ നിലവിലുള്ള ഒരു LDC/BC തസ്തികയിൽ താത്കാലികമായി ജോലി ചെയ്തുവരുന്ന ആളുടെ സേവനം 2018 മാർച്ച് 31 വരെ നീട്ടി നൽകുന്ന വിഷയം കൗൺസിൽ പരിഗണനയ്ക്ക്.

കുറിപ്പ് : 2017-18 വാർഷിക പദ്ധതി പൂർത്തീകരണവും 2018-19 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ധാരാളം ജോലികൾ പൂർത്തീകരിക്കുവാനുണ്ട്.